പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 504
23.07.2015 ലെ മറുപടിയ്ക്ക്

## കോ-ഇൻഷ്വറൻസ് സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഹൈബി ഈഡൻ | | **ശ്രീ.കെ.എം.മാണി**<br>ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| **എ** | കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ: | ഉണ്ട് |
| **ബി** | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്: | കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ ഏർപ്പെടുന്നതുകൊണ്ട് സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേയ്ക്ക് വലിയൊരു തുക സമാഹരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സഹകരണ സ്ഥാപനങ്ങൾക്ക് സംതൃപ്തമായ ഇൻഷ്വറൻസ് ഇടപാട് വകുപ്പ് മുഖേന നടത്തുന്നതിനും ഈ സംവിധാനം ഉപകരിക്കുന്നതാണ്. |
| **സി** | ഏതെല്ലാം പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളാണ് ഇതുമായി സഹകരിച്ചത്? | പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എന്നിവയാണ് ഇതുമായി സഹകരിച്ചത്. |

സെക്ഷൻ ഓഫീസർ